**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1735** **13-02-2025 - ൽ മറുപടിയ്ക്ക്**

**മാരക രോഗം ബാധിച്ചവർക്ക് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നൽകുന്ന പ്രതിമാസ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ കാൻസർ ഉൾപ്പെടെയുള്ള മാരക രോഗം ബാധിച്ചവർക്ക് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നൽകുന്ന പ്രതിമാസ ധനസഹായത്തിൽ ഇപ്പോൾ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; ഈ കുടിശ്ശിക എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) | കാൻസർ ബാധിച്ചവർക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന പ്രതിമാസ ധനസഹായം നൽകുന്നില്ല. എന്നാൽ ഡയാലിസിസ് ചെയ്യുന്നവർക്കും, വൃക്ക, കരൾ മാറ്റിവെയ്ക്കപ്പെട്ടവർക്കും പ്രതിമാസ ധനസഹായം അനുവദിക്കുന്ന സമാശ്വാസം പദ്ധതി കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേന നടപ്പാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ 2024 ഒക്ടോബർ വരെയുള്ള സഹായം അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ മൂന്ന് കോടി രൂപ കൂടി പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് നവംബർ മുതലുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ